**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **10-02-2025 - ൽ മറുപടിയ്ക്ക്**

**തിരുനാവായ ക്ഷേത്രത്തിലെ ബലിതർപ്പണ കടവിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ മണ്ഡലത്തിലെ തിരുനാവായ ക്ഷേത്രത്തിൽ ബലിതർപ്പണത്തിനായി നിലവിൽ നിർമ്മിച്ചിട്ടുള്ള കടവിന്റെ നീളം എത്രയാണെന്ന് അറിയിക്കുമോ; | (എ) | ശ്രീ തിരുനാവായ ക്ഷേത്രത്തിൽ ബലി തർപ്പണത്തിനായി നിലവിൽ നിർമ്മിച്ചിട്ടുളള കടവിന്റെ നീളം 73 മീറ്റർ ആണ്. |
| (ബി) | കടവിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നോ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലെ കടവിന്റെ തുടർച്ചയായി 300 മീറ്റർ കൽപ്പടവുകൾ കൂടികെട്ടുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നതിനുളള പ്രൊപ്പോസൽ മലബാർ ദേവസ്വം ബോർഡ് സർക്കാരിൽ സമർപ്പിക്കുകയും ആയതു തുടർനടപടിക്കായി ടൂറിസം വകുപ്പിന് കൈമാറിയിരിക്കുകയുമാണ്. |
| (സി) | കർക്കിടക വാവിലെ ബലിതർപ്പണത്തിന് പ്രസ്തുത ക്ഷേത്രത്തിൽ എത്തുന്ന ആളുകളുടെ എണ്ണം ഏകദേശം എത്രയാണെന്ന് അറിയിക്കുമോ; | (സി) | കർക്കിടകവാവ് ബലിതര്പ്പണത്തിനായി 50,000-ൽ അധികം ഭക്തർ ക്ഷേത്രത്തിൽ എത്തിച്ചേരാറുണ്ട്. |
| (ഡി) | ക്ഷേത്രക്കടവിന്റെ നീളം അപര്യാപ്തമായതിനാൽ കർക്കിടക വാവിലെ ബലിതർപ്പണത്തിന് ഉണ്ടാകുന്ന തിക്കും തിരക്കും കാരണം അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നിലവിൽ അപകടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ